# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 26

# വാർത്താക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 നവംബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ. മ്യൂസിക്-വോക്കൽ (സി.ബി.സി.എസ്. പുതിയ സ്‌കീം - 2017 അഡ്മിഷൻ റഗുലർ/2013-2016 അഡ്മിഷൻ സി.ബി.സി.എസ്.എസ്. റീഅപ്പിയറൻസ് കോർ/കോംപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് ആറു മുതൽ 12 വരെ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/389/2019)

മൂന്നാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി (2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) ഒക്ടോബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 28ന് കാലടി ശ്രീശങ്കരാ കോളേജിൽ നടക്കും.

(പി.ആർ.ഒ./39/390/2019)

### വൈവാവോസി

നാലാം സെമസ്റ്റർ ബി.വോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി (2016 അഡ്മിഷൻ റഗുലർ) നവംബർ 2018 പരീക്ഷയുടെ വൈവാവോസി മാർച്ച് അഞ്ചിന് കാലടി ശ്രീ ശങ്കരാ കോളേജിൽ നടക്കും.

(പി.ആർ.ഒ./39/391/2019)

### എം.ഫിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സിന്റെ 2018 അഡ്മിഷൻ എം.ഫിൽ. കോഴ്‌സിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരത്തിന് ഫോൺ: 0481-2731040.

(പി.ആർ.ഒ./39/392/2019)

### ബി.എസ്‌സി. നഴ്‌സിംഗ്; തുടർ വിജ്ഞാപനം

ഫെബ്രുവരി 28 മുതൽ ആരംഭിക്കുന്ന ഒന്നു മുതൽ നാലുവരെ വർഷ ബി.എസ്‌സി. നഴ്‌സിംഗ് (2007-2009 അഡ്മിഷൻ) പരീക്ഷ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവനുസരിച്ച് (W.P.(c) No. 33864/2018) എഴുതുന്ന വിദ്യാർഥികൾക്കൊപ്പം സമാനതരത്തിലുള്ള വിദ്യാർഥികൾക്കും എഴുതാവുന്നതാണ്. മേൽപ്പറഞ്ഞ വിദ്യാർഥികൾ നഴ്‌സിംഗ് കൗൺസിൽ നടത്തുന്ന ഒരു ബേസിക് പരീക്ഷ പാസാകണമെന്ന് ഇന്ത്യൻ നഴ്‌സിംഗ് കൗൺസിൽ വ്യവസ്ഥ ചെയ്യുന്നു.

(പി.ആർ.ഒ./39/393/2019)

### ബി.ടെക് സൂക്ഷ്മപരിശോധന

2018 മെയിൽ നടന്ന ഒന്ന്, രണ്ട്, നാല് സെമസ്റ്റർ ബി.ടെക് വിവിധ പേപ്പറുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ മാർച്ച് ഒന്ന്, രണ്ട് തീയതികളിൽ സിൽവർ ജൂബിലി പരീക്ഷാഭവനിലെ 223-ാം നമ്പർ മുറിയിൽ അസൽ രേഖകളുമായി എത്തണം.

(പി.ആർ.ഒ./39/394/2019)

### പരീക്ഷഫലം

2018 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/395/2019)

2018 ജൂണിൽ നടന്ന ആറാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 11 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/396/2019)

2018 ഒക്ടോബറിൽ നടന്ന ഒൻപതാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/397/2019)

2018 സെപ്റ്റംബറിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ബി.എ. (റഗുലർ, ഇംപ്രൂവ്മെന്റ്, റീഅപ്പിയറൻസ് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/398/2019)

2018 ഡിസംബറിൽ നടന്ന പത്താം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/399/2019)

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് ഓഫ് കാമ്പസ് സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി, പ്രീ സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി/മേഴ്‌സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/400/2019)

## കറന്റ് ട്രെൻഡ്സ് ഇൻ മെറ്റീരിയൽ സയൻസ്; ദേശീയ സെമിനാർ മാർച്ച് ഒന്നു മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല അഡ്വാൻസ്ഡ് മോളിക്യുലാർ മെറ്റീരിയൽസ് റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ 'കറന്റ് ട്രെൻഡ്സ് ഇൻ മെറ്റീരിയൽ സയൻസ്' എന്ന വിഷയത്തിൽ ദേശീയ സെമിനാർ നടക്കും. മാർച്ച് ഒന്ന്, രണ്ട് തീയതികളിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലാണ് സെമിനാർ നടക്കുക. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സെമിനാർ ഉദ്ഘാടനം ചെയ്യും. എ.എം.എം.ആർ.സി. ഡയറക്ടർ ഡോ. എസ്. അനസ്, സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, ഡോ. പി. രാധാകൃഷ്ണൻ നായർ എന്നിവർ പങ്കെടുക്കും. ഡോ. എസ്. സന്തോഷ് ബാബു, ഡോ. പി.ആർ. ഹരികൃഷ്ണ വർമ്മ, ഡോ. വി.കെ. പ്രവീൺ, ഡോ. എം.എം. ഷൈജുമോൻ, ഡോ. കെ.ജി.കെ. വാര്യർ, ഡോ. ബിബിൻ ജോൺ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. സെമിനാറിൽ പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർഥികൾ, അധ്യാപകർ, ഗവേഷകർ തുടങ്ങിയവർ www.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. വിശദവിവരങ്ങൾക്ക് ഫോൺ: 9567544740, 9446321260.

(പി.ആർ.ഒ./39/401/2019)

## 'അലത്താളം 2019'; സ്പോട്ട് രജിസ്ട്രേഷൻ നടത്താം

ഫെബ്രുവരി 28 മുതൽ മാർച്ച് നാലുവരെ നടക്കുന്ന മഹാത്മാ ഗാന്ധി സർവകലാശാല യുവജനോത്സവം 'അലത്താളം 2019' -ൽ വിവിധ കലാപരിപാടികളിൽ അക്കമ്പനിസ്റ്റ് ആയി ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാത്തവർക്ക് സ്പോട്ട് രജിസ്ട്രേഷൻ സൗകര്യം ഉണ്ടായിരിക്കും. വിദ്യാർഥികൾ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രവും തിരിച്ചറിയൽ രേഖകളുമായി സ്പോട്ട് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്.

(പി.ആർ.ഒ./39/402/2019)

## യുവശാസ്ത്രജ്ഞർക്ക് ധ്രുവ ഗവേഷണത്തിൽ അനന്ത സാധ്യതകൾ - ഡോ. പി.എസ്. സുനിൽ

ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാല പരിസ്ഥിതി ശാസ്ത്ര പഠന വിഭാഗവും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും സംയുക്തമായി 'ധ്രുവം മുതൽ ധ്രുവം വരെ' എന്ന പേരിൽ ദേശീയ ശാസ്ത്രദിനം ആചരിച്ചു. അന്റാർട്ടിക്കയിലെ ഇന്ത്യൻ ശാസ്ത്ര പര്യവേഷണത്തിൽ അംഗമായിരുന്ന കൊച്ചിൻ സർവകലാശാല സ്കൂൾ ഓഫ് മറൈൻ സയൻസസിലെ അസോസിയേറ്റ് പ്രൊഫസറും ശാസ്ത്രജ്ഞനുമായ ഡോ. പി.എസ്. സുനിൽ മുഖ്യ പ്രഭാഷണം നടത്തി. ആധുനിക

ശാസ്ത്രത്തിന്റെ വളർച്ചയെക്കുറിച്ചും ഇന്ത്യൻ ആർട്ടിക്, അന്റാർട്ടിക്, ഹിമാലയൻ പര്യവേഷണത്തെക്കുറിച്ചും അദ്ദേഹം വിദ്യാർഥികളോട് സംവദിച്ചു. ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർഥികൾ ശാസ്ത്രദിനാചരണത്തിൽ പങ്കെടുത്തു. പരിസ്ഥിതി ശാസ്ത്രവിഭാഗം തലവൻ ഡോ. ഇ.വി. രാമസാമി, ഡോ. സി.ടി. അരവിന്ദകുമാർ, ഡോ. മഹേഷ് മോഹൻ, ഡോ. വി.പി. സൈലാസ്, വി.ജി. ഗോപീകൃഷ്ണ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/403/2019)

# "Chinese party system, towards a paradigm shift"
## Press Release 26 February 2019

"The Chinese political system is switching over to a new paradigm of party system with non oppositional parties being allowed to participate in the management of state affairs," says Professor Zang Xiuling, Executive Deputy Director, Institute of Party Studies, Shandong University (SDU). Prof Zang was speaking at the International Symposium on "Contemporary China" organised by the Institute for Contemporary Chinese Studies (ICCS) and the School of International Relations and Politics (SIRP) of Mahatma Gandhi University today. Prof Zang said that though the Chinese Communist Party (CCP) is the ruling dispensation, the new paradigm allows non ruling parties to function positively which is "a new innovation that keeps with time." She said that it enables the government to meet the actual needs of the party politics which is marked by the three characteristics of "leadership, cooperation and consultation."

Professor Cui Guitian, Chief Delegate and Director of Institute of Contemporary Socialism, SDU said that the reform process in China has entered into "the deeper water zone" and the "new normal economy" is addressing the issues of "value integration, the widening income gap and corruption." He said that the people's desire for a better life and higher requirements need to be addressed within the framework of "democracy, rule of law, justice and safety of environment." The main aim of the system is "political development of socialism with Chinese characteristics" and the "party governance should be people-oriented and people-centric," he added.

Zhao Ting, Associate Professor, Institute of Contemporary Socialism, SDU noted that the new China is in its mission to "transform lax and weak governance." The construction of the party's style of work is "take out tigers, swat flies and hunt down foxes" by promoting intra-party democracy, she said. Dr. Li Jishi, Deputy Dean, School of Political Science and Public Administration, SDU argued that there is no fundamental contradiction between socialism and market economy as far as China is concerned."

According to Prof Wang Hongsheng, Department of History, Peking University, under the leadership of Mao and Gandhi, a large number of intellectual elites had embarked on the revolutionary road of combining workers with peasants and changing society and themselves. He said the "spiritual heritage" of Gandhi and Mao was so important in making the relationship between the elites and masses possible."

Prof Yang Luhui, Director of the Institute of Asia-Pacific Studies, SDU, Professor Zang Xiuling, Executive Deputy Director, Institute of Party Studies, SDU, Jiang Rui , Deputy Director and Professor, Institute of Contemporary Socialism, SDU and others spoke at the symposium.

Dr. C.Vinodan, Director, ICCS welcomed and Prof. A.M. Thomas, Director, SIRP chaired the session. Dr. Santhosh Thampi, Member Syndicate, Dr. K.M. Seethi, Dean of Social Sciences and others spoke at the symposium. Gokul proposed a vote of thanks.

(പി.ആർ.ഒ./39/404/2019)

**സജീവ് പി.കെ.**

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)